## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.26 — 26.02.2018 ൽ മറുപടിയ്ക്ക്

### സപ്ലൈകോ വഴിയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.കെ. ദാസൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ നയം, ഇന്ധന വില വർദ്ധനവ്, കാലാവസ്ഥ വ്യതിയാനം കൊണ്ടുള്ള വിളനാശം എന്നിവ കാരണം സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കൾക്കുണ്ടാകുന്ന വിലക്കയറ്റം ഇല്ലാതാക്കാൻ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ; | (എ) സപ്ലൈകോയുടെ കാര്യക്ഷമമായ വിപണിയിടപെടൽ പദ്ധതി വഴി 14 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കൾ സബ്സിഡി വിലയിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തു വരുന്നു. സുതാര്യമായ ഇലക്ട്രോണിക് ടെണ്ടർ സംവിധാനം വഴി വളരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ വാങ്ങി വിപണിയിൽ ആവശ്യാനുസരണം സ്റ്റോക്ക് എത്തിച്ച് കുറഞ്ഞ വിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക വഴി വില നിലവാരം നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) ആന്ധ്രാപ്രദേശിൽ നിന്നും മത്സരാധിഷ്ഠിത വിലയ്ക്ക് അരി സംഭരിച്ച് സംസ്ഥാനത്ത് ന്യായവിലയ്ക്ക് ലഭ്യമാക്കാനുള്ള നടപടി ഫലവത്താകുന്നുണ്ടോ; | (ബി) ഓണക്കാലത്ത് ആന്ധ്രാപ്രദേശിൽ നിന്നും അരി സംഭരിച്ച് ന്യായവിലയ്ക്ക് സംസ്ഥാനത്ത് ലഭ്യമാക്കിയ നടപടി ഫലവത്തായിരുന്നു. |
| (സി) സപ്ലൈകോ വഴി നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത വിലയ്ക്ക് നൽകുന്നത് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് പൊതു വിപണിയിൽ എത്തിക്കുന്നതിനായി സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതു ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ